# പതിനാലാം കേരളനിയമസഭ

## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1975 | 06.02.2019-ൽ മറുപടിക്ക് |
|---|---|

**സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ**

| ചോദ്യം<br>ശ്രീ. എ. എൻ. ഷംസീർ | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|
| | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയെ മുൻനിർത്തി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | വനിതകളിൽ സുരക്ഷിത ബോധം സൃഷ്ടിക്കുന്നതിനായി "വനിതാ സ്വയം പ്രതിരോധ പരിശീലനം", "നിർഭയ കേരളം സുരക്ഷിത കേരളം", "പിങ്ക് പോലീസ് പട്രോൾ", "ആന്റി വുമൺ ഹരാസ് മെന്റ് സെൽ", രാത്രിയിൽ ഒറ്റപ്പെട്ടു പോകുന്ന സ്ത്രീകൾക്കായി "ഷോർട്ട് സ്റ്റേ ഹോം സംവിധാനം" തുടങ്ങിയ പദ്ധതികൾ നടപ്പാക്കി വരുന്നു. സ്ത്രീകളുടെ സുരക്ഷിതമായ ട്രെയിൻ യാത്ര ഉറപ്പാക്കുന്നതിന്റെ ഭാഗമായി ജനയാത്രാ സുരക്ഷാ കമ്മിറ്റി രൂപീകരിച്ച് ഫലപ്രദമായ രീതിയിൽ പ്രവർത്തിച്ചു വരുന്നു.<br>ഇതു കൂടാതെ സ്ത്രീകളുടെ പരാതികൾ പരിഹരിക്കുന്നതിനായി വനിതാ ഹെൽപ്പ് ലൈൻ, പോലീസ് സ്റ്റേഷനിൽ വനിതാ ഹെൽപ്പ് ഡെസ്ക്, സംസ്ഥാന/ജില്ലാ വനിതാ സെല്ലുകൾ എന്നിവ പ്രവർത്തിച്ചു വരുന്നു.<br>സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായുള്ള Cyber Crime Prevention against Women and Children (CCPWC) പദ്ധതിയുടെ ഭാഗമായി MHA വികസിപ്പിച്ച ഓൺലൈൻ സൈബർ ക്രൈം |

| | | | |
|---|---|---|---|
| | | | പോർട്ടലിൽ കേരളത്തിന് ലഭിക്കുന്ന പരാതികൾ കൈകാര്യം ചെയ്യുന്നതിനുള്ള Nodal Cyber Cell ആയി തിരുവനന്തപുരം സൈബർ ക്രൈം പോലീസ് സ്റ്റേഷനെയും Nodal Officer ആയി IGP (Crime Branch)-നെയും Grievance Officer ആയി ADGP (Crime Branch)നെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>ജനമൈത്രി സംവിധാനം ഉപയോഗിച്ച് സ്ത്രീകളുടെയും കുട്ടികളുടെയും പരാതികൾക്ക് പ്രത്യേകം ശ്രദ്ധ നൽകി വരുന്നുണ്ട്. കൂടാതെ പൂവാല ശല്യം ഒഴിവാക്കുന്നതിനായി വനിതാ പോലീസ് ഉദ്യോഗസ്ഥരെ മാർക്കറ്റ്, സ്കൂൾ, കോളേജ് പരിസരങ്ങളിൽ നിയോഗിച്ച് നടപടി സ്വീകരിച്ചു വരുന്നുണ്ട്. കുട്ടികൾക്കും സ്ത്രീകൾക്കും നേരെയുള്ള ക്രമസമാധാന ലംഘനങ്ങൾ നടത്തുന്നവർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്തും, കുറ്റപത്രം സമർപ്പിച്ചും വരുന്നുണ്ട്. സ്ത്രീകളുടെ പരാതികൾ ഓൺലൈനായി സ്വീകരിച്ചും വരുന്നുണ്ട്. സിറ്റിസൺ ഹെൽപ്പ് ഡെസ്ക് സംവിധാനം, ജാഗ്രതാ മൊബൈൽ ആപ്ലിക്കേഷൻ, സീനിയർ സിറ്റിസൺ ഹെൽപ് ഡെസ്ക് സംവിധാനം എന്നിവ നടപ്പിലാക്കിയിട്ടുള്ളതാണ്.<br>റെയിൽവേ സ്റ്റേഷൻ പ്ലാറ്റ് ഫോമുകളിൽ പ്രവർത്തിക്കുന്ന ചൈൽഡ് ഹെൽപ് ലൈനിന്റെ സഹകരണത്തോടെ നിരീക്ഷണവും അന്വേഷണവും നടത്തി സ്ത്രീകൾക്കെതിരെയും കുട്ടികൾക്കെതിരെയും അതിക്രമങ്ങൾ ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുകയും സ്ത്രീകളുടേയും കുട്ടികളുടെയും പ്രത്യേകസുരക്ഷയ്ക്കായി ജില്ലാ ചൈൽഡ് ലൈൻ പ്രവർത്തകരുമൊന്നിച്ച് ട്രെയിനുകളിൽ ബീറ്റ് ഡ്യൂട്ടിയും നടത്തി വരുന്നു.<br>സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിന് വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ അംഗബലം |

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിക്കേണ്ടത് പ്രധാനമാണ്. കേരള പോലീസിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി G.O. (MS)No.15/2017/Home dated 30.01.2017 പ്രകാരം ഒരു വനിതാ ബറ്റാലിയൻ രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ